# KERALA POLICE INFORMATION CENTRE

No.20/PR/PIC/PHQ/10 Date : 01/03/10

## ഇൻഡോർ ഗെയിംസ് കോംപ്ലക്സ് ഉത്ഘാടനം നാളെ

ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തോടനുബന്ധിച്ച് ആധുനിക സൗകര്യങ്ങളോടു കൂടി നിർമ്മിച്ച ഇൻഡോർ ഗെയിംസ് കോംപ്ലക്സിന്റെ ഔപചാരികമായ ഉത്ഘാടനം നാളെ, 2010 മാർച്ച് 2ന് വൈകുന്നേരം 6 മണിക്ക് ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ ബഹു. നിയമസഭാ സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണൻ നിർവ്വഹിക്കും. എം.എൽ.എ ശ്രീ.വി.ശിവൻകുട്ടി ചടങ്ങിൽ അദ്ധ്യക്ഷത വഹിക്കും. കോംപ്ലക്സിൽ നിർമ്മിച്ചിട്ടുള്ള ഇൻഡോർ ഷട്ടിൽ കോർട്ട് ബഹു. ആഭ്യന്തര-ടൂറിസം വകുപ്പ് മന്ത്രി ശ്രീ.കോടിയേരി ബാലകൃഷ്ണൻ ചടങ്ങിൽ കമ്മീഷൻ ചെയ്യും. ബഹു.സ്പോർട്സ്-നിയമ വകുപ്പ് മന്ത്രി ശ്രീ.എം.വിജയകുമാർ ഷട്ടിൽ പ്ലയേഴ്സ് ഫോറം ഉത്ഘാടനം ചെയ്യും. ആദരണീയനായ തിരുവനന്തപുരം മേയർ ശ്രീ.ജയൻബാബു ഫ്ളെഡ്ലൈറ്റ് സ്വിച്ച് ഓൺ കർമ്മം നടത്തും. സ്റ്റേഡിയം മാനേജിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ.വി.ആർ.രാജീവൻ സ്വാഗതവും കോപ്സ് സെക്രട്ടറി ശ്രീ.എസ്.ഗോപിനാഥ് നന്ദിപ്രകാശനവും നടത്തും.

The contents of this document may be deemed to be based on received information which is subject to further verification